പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3068

18/10/2016 ൽ മറുപടിക്ക്

**ടി.സി.സി.യുടെ നവീകരണത്തിനും വളർച്ചയ്ക്കുമായി ലക്ഷ്യമിടുന്ന പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | എറണാകളം ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ ടി.സി.സി.യുടെ നവീകരണത്തിനും വളർച്ചയ്ക്കുമായി ലക്ഷ്യമിടുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) & ബി) | എറണാകുളം ജില്ലയിൽ വ്യവസായ വകുപ്പിൻെറ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ കാസ്റ്റിക് സോഡയുടെ പ്രതിദിന ഉൽപ്പാദനം 175 മെട്രിക് ടണ്ണിൽ നിന്നും 225 മെട്രിക് ടൺ ആയി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | ഏതെല്ലാം പ്ലാന്റുകളാണ് പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | | കമ്പനിയിൽ 65 കോടി മുതൽമുടക്കുള്ള ആധുനികവൽക്കരണ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു. നിലവിലുള്ള രണ്ട് ഇലക്ട്രോലൈസർ പ്ലാൻറുകളുടെയും പ്രതിദിന ഉൽപ്പാദനശേഷി 25 ൽ നിന്നും 50 ടൺ വീതമാക്കി ഉയർത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| സി) | ടി.സി.സി.യുടെ വൈദ്യുത ഉപയോഗ ചെലവ് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | സി) & ഡി) | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ വൈദ്യുതി ഉപയോഗ ചെലവ് കുറയ്ക്കുന്നതിന് ഓപ്പൺ ആക്സസ് മുഖേന കുറഞ്ഞ ചെലവിൽ കമ്പനിക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) | ഈ സ്ഥാപനത്തിന് കുറഞ്ഞ ചിലവിൽ വൈദ്യുതി കിട്ടുന്നതിനു വേണ്ടി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ